ടി.കെ ഉബൈദ്



സൂറ - 48

# അൽ ഫത്ഹ്

# الفتح

**സൂക്തം 27-28**

മറ്റു ദീനുകൾ നഷ്ടപ്പെടുത്തിയ അടിസ്ഥാന തത്ത്വങ്ങളും ധർമോപദേശങ്ങളും പുനഃസ്ഥാപിച്ചുകൊണ്ടും, അവയിൽ കടന്നുകൂടിയ ബിദ്അത്തുകൾ നിരാകരിക്കുകയും സത്യങ്ങൾ ഉൾക്കൊള്ളുകയും ചെയ്തുകൊണ്ടും മികച്ചു നിൽക്കുന്ന ദീനാണ് ദീനുൽ ഇസ് ലാം. ഉദാഹരണമായി, ഏകദൈവ സിദ്ധാന്തം എല്ലാ ദൈവിക മതങ്ങളുടെയും പ്രഥമവും പ്രധാനവുമായ തത്ത്വമാണ്. ഇസ് ലാം അല്ലാത്ത എല്ലാ ദീനുകളും ഇന്ന് പൂർണമായോ ഭാഗികമായോ ആ തത്ത്വം ഉപേക്ഷിച്ചിരിക്കുന്നു. ഇസ് ലാം മാത്രം ഇന്നും ലാഇലാഹ ഇല്ലല്ലാഹ്- ഏകനായ സത്യദൈവമല്ലാതെ ദൈവമേതുമില്ല- എന്ന ദർശനം അതിന്റെ പ്രഥമ വിശ്വാസ സത്യമായി കാത്തുസൂക്ഷിക്കുന്നു. പക്ഷപാതിത്വം കൊണ്ട് അന്ധരാകാത്ത അമുസ് ലിം ചിന്തകർ പോലും അത് ഇസ് ലാമിന്റെ വിജയവും ഔന്നത്യവുമായി സമ്മതിക്കുന്നുമുണ്ട്.

---

لَّقَدْ صَدَقَ ٱللَّهُ رَسُولَهُ ٱلرُّءْيَا بِٱلْحَقِّ ۖ لَتَدْخُلُنَّ ٱلْمَسْجِدَ ٱلْحَرَامَ إِن شَآءَ ٱللَّهُ ءَامِنِينَ
مُحَلِّقِينَ رُءُوسَكُمْ وَمُقَصِّرِينَ لَا تَخَافُونَ ۖ فَعَلِمَ مَا لَمْ تَعْلَمُوا۟ فَجَعَلَ مِن دُونِ ذَٰلِكَ فَتْحًا
قَرِيبًا ﴿٢٧﴾

*27*

*അല്ലാഹു അവന്റെ ദൂതന് സോദ്ദേശ്യമായി സത്യ സ്വപ്നം കാണിച്ചിരിക്കുന്നു. ഇൻശാ അല്ലാഹ്- തീർച്ചയായും നിങ്ങൾ നിർഭയരായി മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുന്നതാകുന്നു. ആരെയും ഭയപ്പെടാതെ തലമുണ്ഡനം ചെയ്യുകയും മുടി മുറിക്കുകയും ചെയ്യും. നിങ്ങൾ അറിയാത്ത ചിലത് അല്ലാഹു അറിഞ്ഞിട്ടുണ്ട്. അതിനാൽ ആ സ്വപ്ന സാക്ഷാത്കാരത്തിനു മുമ്പ് അവൻ നിങ്ങൾക്ക് ഈ ക്ഷിപ്ര വിജയം പ്രദാനം ചെയ്തിരിക്കുന്നു.*

| | |
|---|---|
| അല്ലാഹു അവന്റെ ദൂതന്ന് സ്വപ്നത്തെ സത്യമാക്കി (സത്യസ്വപ്നം) കാണിച്ചിരിക്കുന്നു | لَّقَدْ صَدَقَ اللَّهُ رَسُولَهُ الرُّؤْيَا |
| യാഥാർഥ്യം കൊണ്ട് (സോദ്ദേശ്യമായി) | بِالْحَقِّ |
| തീർച്ചയായും നിങ്ങൾ മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുന്നതാകുന്നു | لَتَدْخُلُنَّ الْمَسْجِدَ الْحَرَامَ |
| അല്ലാഹു ഇഛിച്ചെങ്കിൽ | إِن شَاءَ اللَّهُ |
| നിർഭയരായിക്കൊണ്ട് | آمِنِينَ |

| | |
|---|---|
| നിങ്ങളുടെ ശിരസ്സുകൾ മുണ്ഡനം ചെയ്യു(കയും)ന്നവരായി | مُحَلِّقِينَ رُءُوسَكُمْ |
| നിങ്ങൾ (ആരെയും) ഭയപ്പെടാതെ മുടി മുറിക്കു(കയും ചെയ്യും)ന്നവരായിട്ടും | وَمُقَصِّرِينَ لَا تَخَافُونَ |
| അവൻ (അല്ലാഹു) അറിഞ്ഞിട്ടുണ്ട് | فَعَلِمَ |
| നിങ്ങൾ അറിയാത്ത(ചില)ത് | مَا لَمْ تَعْلَمُوا |
| അതിനാൽ അതു കൂടാതെ (ആ സ്വപ്ന സാക്ഷാത്കാരത്തിന് മുമ്പ്) അവൻ ആക്കി (പ്രദാനം ചെയ്തിരിക്കുന്നു) | فَجَعَلَ مِن دُونِ ذَٰلِكَ |
| (ഈ) അടുത്ത (ക്ഷിപ്ര) വിജയം | فَتْحًا قَرِيبًا |

**റസൂൽ (സ) കണ്ട സ്വപ്നം സത്യമാണ്. തീർച്ചയായും സ്വപ്ന രൂപത്തിൽ അല്ലാഹു അവന്റെ ദൂതന്നു നൽകിയ സത്യസന്ദേശം തന്നെയാണത്. അതിന്റെ സാക്ഷാത്കാരമായി പ്രവാചകനും സഖാക്കളും -ഇൻശാ അല്ലാഹ്- മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുകയും അവിടത്തെ ആരാധനാ ചടങ്ങുകൾ നിർവഹിക്കുകയും നിർഭയരായി ഉംറ പൂർത്തിയാക്കി ശിരോമുണ്ഡനം ചെയ്യുകയും മുടി മുറിക്കുകയും ചെയ്യും.**

സ്വപ്ന രൂപത്തിലുള്ള ദിവ്യബോധന പ്രകാരം ഉംറ ചെയ്യാൻ പുറപ്പെട്ട പ്രവാചകനെയും സഖാക്കളെയും ഖുറൈശികൾ യുദ്ധഭീഷണി മുഴക്കി മക്കയിൽ പ്രവേശിക്കാനനുവദിക്കാതെ തിരിച്ചയച്ചു. ഇങ്ങനെ പിന്മാറേണ്ടി വന്നതിൽ സത്യവിശ്വാസികൾക്ക് അപകർഷതയും നൈരാശ്യവുമുണ്ടായി. ചില കപടന്മാരും ദുർബല വിശ്വാസികളും പ്രവാചകന്റെ സ്വപ്നം ഒരു പാഴ്ക്കിനാവായിരുന്നില്ലേ എന്നു ശങ്കിക്കുകയും ചെയ്തു. കൂട്ടത്തിൽ ചിലർ ചോദിച്ചു: "എവിടെ സ്വപ്ന ദർശനം? അല്ലാഹുവാണ, നമ്മൾ മസ്ജിദുൽ ഹറാമിൽ കടന്നില്ല. ശിരോ മുണ്ഡനം ചെയ്യുകയോ മുടി മുറിക്കുകയോ ചെയ്തതുമില്ലല്ലോ." അവരോട് അബൂബക്ർ (റ) പറഞ്ഞു: "സ്വപ്ന ദർശനത്തിൽ ഉംറക്ക് പ്രത്യേക സമയം നിർണയിച്ചിട്ടില്ല. പിന്നീട് നബി (സ) ഹറമിൽ കടക്കുക തന്നെ ചെയ്യും.'' ഈ സന്ദർഭത്തിൽ വിശ്വാസികളുടെ സന്ദേഹവും നൈരാശ്യവും ദൂരീകരിച്ചുകൊണ്ട് അരുളുകയാണ്.

റസൂൽ (സ) കണ്ട സ്വപ്നം സത്യമാണ്. തീർച്ചയായും സ്വപ്ന രൂപത്തിൽ അല്ലാഹു അവന്റെ ദൂതന്നു നൽകിയ സത്യസന്ദേശം തന്നെയാണത്. അതിന്റെ സാക്ഷാത്കാരമായി പ്രവാചകനും സഖാക്കളും -ഇൻശാ അല്ലാഹ്- മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുകയും അവിടത്തെ ആരാധനാ ചടങ്ങുകൾ നിർവഹിക്കുകയും നിർഭയരായി ഉംറ പൂർത്തിയാക്കി ശിരോമുണ്ഡനം ചെയ്യുകയും മുടി മുറിക്കുകയും ചെയ്യും. ആരെയും നിങ്ങൾ ഭയപ്പെടേണ്ടി വരില്ല. ഭക്തിനിർഭരമായ ശാന്തമനസ്കരായി എല്ലാ കർമങ്ങളും അനുഷ്ഠിക്കാൻ കഴിയും. അതെങ്ങനെയെന്ന് നിങ്ങൾ അറിയുന്നില്ല. പക്ഷേ, നിങ്ങളറിയാത്തത് അല്ലാഹു അറിയുന്നുണ്ട്. ജാഹിലി ദുരഭിമാനം വിജൃംഭിച്ച ഖുറൈശികളുടെ വിരോധം വകവെക്കാതെ അവിടേക്ക് ബലാൽക്കാരം പ്രവേശിച്ചിരുന്നുവെങ്കിൽ നിങ്ങൾ സുരക്ഷിതരും നിർഭയരും ആകുമായിരുന്നില്ല. ശത്രുവിന്റെ ഖഡ്ഗ പ്രയോഗം ഭയപ്പെട്ടുവേണ്ടിയിരുന്നു ഓരോ നിമിഷവും തള്ളിനീക്കാൻ. ആ സാഹചര്യത്തിൽ ഹൃദയം അല്ലാഹുവിൽ ബന്ധിപ്പിക്കാനോ ഭക്തിപൂർവം ഉംറ ചടങ്ങുകൾ നിർവഹിക്കാനോ കഴിയുമായിരുന്നില്ല. അതിനാൽ ഈ വർഷം ഉംറ നിർവഹിക്കുക എന്നതല്ലാത്ത ചില മഹാ വിജയം അടുത്തുതന്നെ നിങ്ങൾക്കുണ്ടാവാൻ വിധിച്ചിരിക്കുകയാണവൻ. ഖുറൈശികളുമായി യുദ്ധമില്ലാ കരാർ സാധിച്ചുവെന്നതും, അതുവഴി അറേബ്യയിൽ മദീന ഔദ്യോഗിക സമൂഹമായി അംഗീകരിക്കപ്പെടുകയും, എല്ലാ ഗോത്രങ്ങളിലും ചെന്ന് ഇസ് ലാം പ്രബോധനം ചെയ്യാൻ അവസരമൊരുങ്ങുകയും ചെയ്തതും ഖൈബർ വിമോചനത്തിലൂടെ ധാരാളം സമ്പത്ത് സ്വന്തമാക്കാൻ കഴിഞ്ഞുവെന്നതുമൊക്കെ ആ മഹാ വിജയത്തിന്റെ പ്രധാന ഭാഗങ്ങളാണ്.

വിശ്വാസികൾ ഒരു കാര്യം ചെയ്യുമെന്നു പറയുമ്പോൾ കൂടെ ഇൻശാ അല്ലാഹ്- അല്ലാഹു ഇഛിച്ചെങ്കിൽ- എന്നുകൂടി പറയുക സുന്നത്താകുന്നു. അല്ലാഹു വിധിച്ചിട്ടുണ്ടെങ്കിലേ തനിക്കതു ചെയ്യാൻ സാധിക്കൂ, അതിനവൻ വിധിക്കട്ടെ എന്നാണീ വാക്യത്തിന്റെ ആശയം. ഇവിടെ അല്ലാഹു തന്നെ അവന്റെ ഒരു വാഗ്ദാനത്തിന്റെ പൂർത്തീകരണത്തെ അവന്റെ ഇഛ കൊണ്ട് സോപാധികമാക്കുന്നതിന്റെ താൽപ

ര്യം ഇതാണ്: നിങ്ങൾ സ്വയം തീരുമാനിച്ചതുകൊണ്ടോ ഖുറൈശികൾ കനിഞ്ഞതുകൊണ്ടോ മാത്രം നിങ്ങൾക്ക് മസ്ജിദുൽ ഹറാമിൽ പ്രവേശിക്കാൻ കഴിയില്ല. നിങ്ങൾ പ്രവേശിക്കണമെന്നും അതെപ്പോൾ, എങ്ങനെ വേണമെന്നും അല്ലാഹു വിധിക്കുമ്പോഴേ നടക്കൂ. ഈ വർഷം അവൻ നിങ്ങൾക്ക് ഉംറ വിധിച്ചിട്ടില്ല. അതിനാൽ നടന്നതുമില്ല. ഭാവിയിൽ അല്ലാഹു നിശ്ചയിക്കുന്ന ഏതെങ്കിലും വർഷം നിങ്ങൾക്കതിന് വിധിയുണ്ടാകും. അത് അടുത്ത വർഷമെന്നോ അതിനടുത്ത വർഷമെന്നോ ക്ലിപ്തപ്പെടുത്തി പറയുന്നതിനു പകരം ഇൻശാ അല്ലാഹ് എന്നു പറഞ്ഞിരിക്കുകയാണ്. ഖുറൈശികളുമായുണ്ടാക്കിയ കരാർ പ്രകാരം അടുത്ത വർഷം തന്നെ മുസ് ലിംകൾക്ക് നിർഭയരും സുരക്ഷിതരുമായി ഉംറ ചെയ്യാൻ അവസരം ലഭിച്ചു. ഭക്തിനിർഭരമായ ഹൃദയത്തോടെ ചടങ്ങുകൾ അനുഷ്ഠിക്കാനും കഴിഞ്ഞു. ●

هُوَ ٱلَّذِىٓ أَرْسَلَ رَسُولَهُۥ بِٱلْهُدَىٰ وَدِينِ ٱلْحَقِّ لِيُظْهِرَهُۥ
عَلَى ٱلدِّينِ كُلِّهِۦ ۚ وَكَفَىٰ بِٱللَّهِ شَهِيدًا ﴿٢٨﴾

*28*
*സന്മാർഗവും സത്യദീനുമായി തന്റെ ദൂതനെ അയച്ചിരിക്കുന്നത് അവൻ തന്നെയാകുന്നു; മറ്റു ദീനുകൾക്കൊക്കെയും മീതെ അതിനെ ഉയർത്തിനിർത്താൻ. ഈ സത്യത്തിന് അല്ലാഹു മതിയായ സാക്ഷിയാകുന്നു.*

| | |
|---|---|
| തന്റെ ദൂതനെ അയച്ചിരിക്കുന്നത് അവൻ തന്നെയാകുന്നു | هُوَ الَّذِي أَرْسَلَ رَسُولَهُ |
| സത്യദീനും സന്മാർഗവുമായിട്ട് | بِالْهُدَىٰ وَدِينِ الْحَقِّ |
| അതിനെ ജയിപ്പിക്കാൻ, ഉയർത്തിനിർത്താൻ | لِيُظْهِرَهُ |
| (മറ്റു) ദീനുകൾക്കൊക്കെയും മീതെ | عَلَى الدِّينِ كُلِّهِ |
| (ഈ സത്യത്തിന്) അല്ലാഹു മതിയായ സാക്ഷിയാകുന്നു | وَكَفَىٰ بِاللَّهِ شَهِيدًا |

**വിശ്വാസികൾ ഒരു കാര്യം ചെയ്യുമെന്നു പറയുമ്പോൾ കൂടെ ഇൻശാ അല്ലാഹ്- അല്ലാഹു ഇഛിച്ചെങ്കിൽ- എന്നുകൂടി പറയുക സുന്നത്താകുന്നു. അല്ലാഹു വിധിച്ചിട്ടുണ്ടെങ്കിലേ തനിക്കതു ചെയ്യാൻ സാധിക്കൂ, അതിനവൻ വിധിക്കട്ടെ.**

മുഹമ്മദ് (സ) ദൈവദൂതനും അദ്ദേഹം കണ്ട സ്വപ്നം ദിവ്യബോധനവും തന്നെയാണെന്ന് വീണ്ടും സ്ഥിരപ്പെടുത്തുകയാണ്. ആർക്കും ഒരു സംശയവും വേണ്ട, സന്മാർഗവും സത്യദീനുംകൊണ്ട് തന്റെ ദൂതനെ ജനങ്ങളിലേക്കയച്ചത് അല്ലാഹു തന്നെയാകുന്നു. بِالْهُدَىٰ - യുടെ ഭാഷാർഥം സന്മാർഗം കൊണ്ട് എന്നാണ്. സന്മാർഗ തത്ത്വങ്ങളും ദർശനങ്ങളും അവയുടെ പ്രായോഗിക മാതൃക സഹിതം എന്നാണ് താൽപര്യം.

دِينِ الْحَقِّ -സത്യദീൻ- അടിസ്ഥാന നിയമങ്ങളും അവയുടെ വിശദാംശങ്ങളുമടങ്ങുന്ന ശരീഅത്തും, ഖുർആനിനു പുറമെ പ്രവാചകനു ലഭിച്ച ദിവ്യബോധനങ്ങളും അടങ്ങുന്ന യഥാർഥ ധർമവ്യവസ്ഥയാണ്.

إظهار മൗലികമായി കുറിക്കുന്നത് വെളിപ്പെടുത്തലിനെയാണ്. ഉയർത്തലും വിജയിപ്പിക്കലും മേൽക്കൈ നൽകലും പ്രയോഗാർഥങ്ങളാകുന്നു. യഥാർഥ ധർമ വ്യവസ്ഥയെ മറ്റെല്ലാ വ്യവസ്ഥിതിയെക്കാൾ വിജയിപ്പിക്കുന്നതിന്

വേണ്ടിയാണ് അല്ലാഹു ഈ ദൂതനെ അയച്ചിരിക്കുന്നതെന്നാണ് لِيُظْهِرَهُ عَلَى الدِّينِ كُلِّهِ യുടെ താൽപര്യം. മറ്റു ദീനുകൾ ഏറെയും ജാഹിലിയ്യത്തിലധിഷ്ഠിതമാണ്. അല്ലാഹു അവന്റെ ദൂതന്മാരിലൂടെ പ്രബോധനം ചെയ്ത ദീനുകൾ പോലും കാലക്രമത്തിൽ അവയുടെ മൗലിക ദർശനങ്ങളും ധർമതത്ത്വങ്ങളും നഷ്ടപ്പെടുത്തി ജാഹിലീ ദീനുകളോട് സമരസപ്പെട്ടിരിക്കുന്നു. മറ്റു ദീനുകൾ നഷ്ടപ്പെടുത്തിയ അടിസ്ഥാന തത്ത്വങ്ങളും ധർമോപദേശങ്ങളും പുനഃസ്ഥാപിച്ചുകൊണ്ടും, അവയിൽ കടന്നുകൂടിയ ബിദ്അത്തുകൾ നിരാകരിക്കുകയും സത്യങ്ങൾ ഉൾക്കൊള്ളുകയും ചെയ്തുകൊണ്ടും മികച്ചു നിൽക്കുന്ന ദീനാണ് ദീനുൽ ഇസ് ലാം. ഉദാഹരണമായി, ഏകദൈവ സിദ്ധാന്തം എല്ലാ ദൈവിക മതങ്ങളുടെയും പ്രഥമവും പ്രധാനവുമായ തത്ത്വമാണ്. ഇസ് ലാം അല്ലാത്ത എല്ലാ ദീനുകളും ഇന്ന് പൂർണമായോ ഭാഗികമായോ ആ തത്ത്വം ഉപേക്ഷിച്ചിരിക്കുന്നു. ഇസ് ലാം മാത്രം ഇന്നും ലാഇലാഹ ഇല്ലല്ലാഹ്- ഏകനായ സത്യദൈവമല്ലാതെ ദൈവമേതുമില്ല- എന്ന ദർശനം അതിന്റെ പ്രഥമ വിശ്വാസ സത്യമായി കാത്തുസൂക്ഷിക്കുന്നു. പക്ഷപാതിത്വം കൊണ്ട് അന്ധരാകാത്ത അമുസ് ലിം ചിന്തകർ പോലും അത് ഇസ് ലാമിന്റെ വിജയവും ഔന്നത്യവുമായി സമ്മതിക്കുന്നുമുണ്ട്. 5:48-ൽ ഖുർആനിനെക്കുറിച്ച് مُصَدِّقًا لِّمَا بَيْنَ يَدَيْهِ مِنَ الْكِتَابِ وَمُهَيْمِنًا عَلَيْهِ (അതിന്റെ മുന്നിലുള്ള വേദങ്ങളെ സത്യപ്പെടുത്തുന്നതും അവയിന്മേൽ മേധാവിത്വമുള്ളതുമായ നിലയിൽ) എന്നു പ്രസ്താവിച്ചതു പോലെയാണിത്.

മുഹമ്മദ് (സ) അല്ലാഹു നിയോഗിച്ച റസൂൽ ആണെന്നതിന്, അക്കാര്യം പ്രസ്താവിക്കുന്ന അല്ലാഹുതന്നെ മതിയായ സാക്ഷിയാണ്. സാക്ഷികളിലേറ്റം ആധികാരികനും സത്യസന്ധനും അവനാണല്ലോ. അവൻ സാക്ഷ്യപ്പെടുത്തിയ സത്യം ആരു നിഷേധിച്ചാലും ഒരിക്കലും അസത്യമാകുന്നില്ല. ഇതാണ് وَكَفَىٰ بِاللَّهِ شَهِيدًا - ന്റെ താൽപര്യം. 4:79-ൽ ഈ ആശയം കൂടുതൽ വ്യക്തമായി പ്രസ്താവിക്കുന്നുണ്ട്: وَأَرْسَلْنَاكَ لِلنَّاسِ رَسُولًا ۚ وَكَفَىٰ بِاللَّهِ شَهِيدًا (നാം നിന്നെ ജനങ്ങൾക്കു വേണ്ടി ദൈവദൂതനായി നിയോഗിച്ചിരിക്കുന്നു. അല്ലാഹു തന്നെ അതിനു മതിയായ സാക്ഷിയാകുന്നു). ഹുദൈബിയാ സന്ധി എഴുതുമ്പോൾ ദൈവദൂതനായ മുഹമ്മദും -مُّحَمَّدٌ رَّسُولُ اللَّهِ- ഖുറൈശികളും തമ്മിൽ എന്നെഴുതിയത് അബ്ദുല്ലയുടെ മകൻ മുഹമ്മദും ഖുറൈശികളും എന്നാക്കി മാറ്റി എഴുതണമെന്ന് ശഠിച്ച മുശ് രിക്കുകൾക്കു നേരെയുള്ള പരിഹാസാത്മകമായ വിമർശനം കൂടിയുണ്ട് ഈ വാക്യത്തിൽ. ●

**മുഹമ്മദ് (സ) അല്ലാഹു നിയോഗിച്ച റസൂൽ ആണെന്നതിന്, അക്കാര്യം പ്രസ്താവിക്കുന്ന അല്ലാഹുതന്നെ മതിയായ സാക്ഷിയാണ്. സാക്ഷികളിലേറ്റം ആധികാരികനും സത്യസന്ധനും അവനാണല്ലോ. അവൻ സാക്ഷ്യപ്പെടുത്തിയ സത്യം ആരു നിഷേധിച്ചാലും ഒരിക്കലും അസത്യമാകുന്നില്ല.**